**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**01.02.2018-ൽ മറുപടിക്ക്**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 1899**

**ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് കാണാതായ മത്സ്യതൊഴിലാളികളുടെ എണ്ണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. അബ്ദുൽ ഹമീദ് പി.** | | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) | ഓഖി ചുഴലി കൊടുങ്കാറ്റിനെ തുടർന്ന് കാണാതായ മത്സ്യതൊഴിലാളികളിൽ ഇനിയും മടങ്ങി വരാത്തവരായി എത്ര പേരുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | 104 (നൂറ്റിനാല്) |
| (ബി) | ഓഖി ദുരന്തത്തിലെ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ദുരന്ത നിവാരണ സംവിധാനങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ.രമൺ ശ്രീവാസ്തവ ഐ.പി.എസ്(Rtd) അധ്യക്ഷനായി ഒരു സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, കാലാവസ്ഥാ വ്യതിയാനങ്ങളും മറ്റ് പ്രകൃതിക്ഷോഭങ്ങളും സംബന്ധിച്ച വിവരങ്ങൾ മുൻകൂട്ടി മത്സ്യത്തൊഴിലാളികളിലെത്തിക്കുന്നതിന് ഉതകുന്ന തരത്തിൽ ഐ.എസ്.ആർ.ഒ വികസിപ്പിച്ചെടുത്തിട്ടുള്ള 'നാവിക്' എന്ന ഉപകരണം മത്സ്യബന്ധന യാനങ്ങളിൽ ഘടിപ്പിക്കുന്നതിനായി കടലിൽ വിജയകരമായി പരീക്ഷിച്ചിട്ടുണ്ട്. 500 നാവിക് ഉപകരണം സൗജന്യമായി ഐ.എസ്.ആർ.ഒ ലഭ്യമാക്കുന്നതാണ്. തുടർന്ന് കെൽട്രോൺ ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ഈ ഉപകരണം നിർമ്മിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ മത്സ്യബന്ധന യാനങ്ങൾക്കും നാവിക് ഉപകരണം വിതരണം ചെയ്യുന്നതാണ്. മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും, തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുംവിധമുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.സിയുടെ സഹായത്തോടെ തയ്യാറാക്കുകയും വിജയകരമായി പരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്. അതും ഉടൻ നടപ്പിലാക്കുന്നതാണ്. കൂടാതെ അപകടത്തിൽ പ്പെടുന്ന മത്സ്യത്തൊഴിലാളികളെ കഴിയുന്നത്രവേഗം രക്ഷപ്പെടുത്തി കരയിലെത്തിക്കാൻ സൗകര്യമുള്ള മൂന്ന് |

| | | | |
|---|---|---|---|
| | | | മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പുകൾ, മത്സ്യലഭ്യത സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവ INCOIS വഴി മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പരുകൾ INCOIS ന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ